**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **21-06-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പെരിങ്ങളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | പെരിങ്ങളം പി.എച്ച്.സി യുടെ പുതിയ കെട്ടിട നിർമാണത്തിനായി 2018-19 ലെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിച്ച് പൊതുമരാമത്ത് വകുപ്പ് തലശേരി ബിൽഡിങ്ങ് സെക്ഷൻ മുഖേന കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിക്കുകയും ബാക്കി നിർമ്മാണ പ്രവൃത്തി കൾക്കായി വാർഷിക പദ്ധതി 2022-23 മുഖേന ലഭ്യമായ 63 ലക്ഷം രൂപ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തികൾ നടന്നു വരികയുമാണ്. നിലവിൽ ഭിത്തികളുടെ പ്ലാസ്റ്ററിങ്ങ് ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷന് ആവശ്യമായ വിവരങ്ങൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ വന്ന് ശേഖരിച്ചിട്ടുണ്ട്. |
| (ബി) | അനുവദിച്ച തുക അപര്യാപ്തമായതിനാൽ കെട്ടിടം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കാൻ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) | പെരിങ്ങളം പി.എച്ച്.സി യുടെ പുതിയ കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാൻ അധിക തുക ആവശ്യ മാണെങ്കിൽ ആയത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്നതനുസരിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ